ഉത്തരം

(എ) 2010-ൽ.

(ബി) 2006-07 വരെ കേന്ദ്ര ഗവൺമെന്റ് 75%-ഉം സംസ്ഥാന സർക്കാർ 25%-ഉം 2007-08 മുതൽ കേന്ദ്ര ഗവൺമെന്റ് 50%-ഉം സംസ്ഥാന ഗവൺമെന്റ് 50%-ഉം.

(സി) സംസ്ഥാനതല പ്രവർത്തനങ്ങൾക്കായി 430 ലക്ഷം രൂപ നീക്കി വച്ചിട്ടുണ്ട്. ജില്ലയിലെ പ്രവർത്തനങ്ങൾക്കായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് വിഹിതം സ്വരൂപിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

(ഡി) 2004-05-ൽ ലഭിച്ചു. 2005-06 വർഷത്തെ കേന്ദ്രവിഹിതം ലഭിക്കുന്നതിന് കഴിഞ്ഞ വർഷത്തെ സംസ്ഥാനവിഹിതം പൂർണ്ണമായി ലഭിക്കാതിരുന്നത് ഒരു തടസ്സമായി ഉന്നയിച്ചിരിക്കുകയാണ്.

എസ്. എസ്. എ. പദ്ധതി നടത്തിപ്പ് സംബന്ധിച്ച വ്യവസ്ഥകൾ

166 [749] *ശ്രീ. രാജു എബ്രഹാം:*
ശ്രീമതി ഗിരിജാ സുരേന്ദ്രൻ:
ശ്രീ. പിരപ്പൻകോട് മുരളി:
ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്. എസ്. എ. പദ്ധതി നടത്തിപ്പ് സംബന്ധിച്ച വ്യവസ്ഥകളിൽ സംസ്ഥാനത്തിന്റെ സാഹചര്യത്തിന് അനുയോജ്യമല്ലാത്ത വ്യവസ്ഥകൾ നീക്കം ചെയ്യണം എന്ന ആവശ്യം സംസ്ഥാന ഗവൺമെന്റ് കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടിരുന്നോ; എങ്കിൽ കേന്ദ്ര ഗവൺമെന്റ് ഈ ആവശ്യം അംഗീകരിച്ചിട്ടുണ്ടോ;

(ബി) എസ്. എസ്. എ. പദ്ധതിക്കായി കഴിഞ്ഞ മൂന്ന് വർഷത്തിനിടയിൽ സംസ്ഥാനത്തിന് ലഭിച്ച തുക എത്ര; ചെലവഴിച്ച തുക എത്ര;

(സി) 2004-05-ൽ പദ്ധതിക്കായി കേരളത്തിനുള്ള വിഹിതം എത്രയായിരുന്നു; ഈ വിഹിതത്തിൽനിന്ന് എന്തു തുക ചെലവായിട്ടുണ്ട്?

ഉത്തരം

(എ) കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. മറുപടി ലഭിച്ചിട്ടില്ല.

(ബി) ലഭിച്ച തുക — 20,479.36 ലക്ഷം (സ്റ്റേറ്റ് വിഹിതം ഉൾപ്പെടെ)
ചെലവായ തുക — 17,947.6 ലക്ഷം.

(സി) ലഭിക്കേണ്ട വിഹിതം — 2,979.66 ലക്ഷം
ലഭിച്ച വിഹിതം — 721.84 ലക്ഷം പൂർണ്ണമായി ചെലവഴിച്ചു.

LIBRARY ARCHIVES Kerala Legislative Assembly